വിശപ്പുരഹിത കേരളം പദ്ധതി നിലവിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലും, തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, പെരിഞ്ഞനം എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിലും നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലും തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച നടപടികൾ അവസാനഘട്ടത്തിലാണ്. ടി പദ്ധതി പ്രകാരം സുഭിക്ഷാ ഹോട്ടലുകൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയിലും ഹോട്ടലുകൾ ആരംഭിക്കുന്നതിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം കണ്ടെത്തുന്നപക്ഷം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സുഭിക്ഷ ഹോട്ടലുകൾ തുടങ്ങാനും പദ്ധതിയുണ്ട്.

**റേഷൻ വീട്ടുകളിൽ എത്തിച്ചു നൽകാൻ നടപടി**

322 (5047) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ പോയി സാധനങ്ങൾ വാങ്ങുന്നതിന് പരസഹായം ആവശ്യമായ നിരവധി കുടുംബങ്ങളുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് റേഷൻസാധനങ്ങൾ വീട്ടുകളിലെത്തിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. നേരിട്ട് റേഷൻകടയിൽ പോകാൻ സാധിക്കാത്ത വൃദ്ധരും കിടപ്പിലായതും രോഗികളായവരുമായ കാർഡുടമകൾക്ക് അതേ റേഷൻ കടയിലെ കാർഡംഗമായ വ്യക്തിയെ പകരക്കാരനായി നിയോഗിച്ച് റേഷൻ വാങ്ങാവുന്ന പ്രോക്സി സംവിധാനം നിലവിലുണ്ട്. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നല്കിയാൽ മതിയാകും.

(ബി) ഇല്ലെങ്കിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയത് ഏതൊക്കെ മേഖലകളിൽ ആരംഭിക്കുമെന്നറിയിക്കാമോ; ആദിവാസി ഊരുകൾക്ക് ഈ വിഷയത്തിൽ പ്രഥമപരിഗണന നൽകുമോ; വിശദമാക്കുമോ?

വന്യമൃഗശല്യം, ഏറെദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിൻ പ്രദേശം, ഒറ്റപ്പെട്ട കോളനികൾ എന്നീ ക്ലേശഘടകങ്ങൾ പരിഗണിച്ച് ഒറ്റപ്പെട്ട വനയോരമേഖലകളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യധാന്യങ്ങൾ നേരിട്ട് എത്തിച്ച് നൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ അകമലവാരം, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ എളംബ്ലാശ്ശേരി എന്നീ ആദിവാസി ഊരുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ 2018-ൽ ആരംഭിച്ച "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭക്ഷ്യക്കിറ്റിൽ സോപ്പ് ഉൾപ്പെടുത്തൽ

323 (5048) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യക്കിറ്റിൽ പൊതുമേഖല സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സോപ്പ് കൂടി ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ രണ്ടാം വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ 2021-ലെ ഓണത്തോടനുബന്ധിച്ച് റേഷൻകടകൾ മുഖേന നിലവിൽ വിതരണം ചെയ്തുവരുന്ന സ്പെഷ്യൽ കിറ്റിൽ സപ്ലൈകോയുടെ ഉൽപ്പന്നമായ ശബരി ബാത്ത് സോപ്പ് അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനമായ Kerala Soaps ഉൽപ്പാദിപ്പിക്കുന്ന ബാത്ത് സോപ്പ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## കൂത്തുപറമ്പിൽ സൂപ്പർ മാർക്കറ്റുകൾക്ക് സ്വന്തം കെട്ടിടം

324 (5049) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കീഴിൽ ലാഭകരമായി പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകളും മറ്റു സ്ഥാപനങ്ങളും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകളും മറ്റു സ്ഥാപനങ്ങളും ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ വാടക കെട്ടിടങ്ങളിലും, അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly